# ഐ സി എ ഐ മസ്കത്ത് ചാപ്റ്ററിന് പുതിയ നേതൃത്വം

## ● മലയാളിയായ സംഗീത സുരേഷ്കുമാറാണ് ചെയർപേഴ്സൺ

**മസ്കത്ത് |** ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐ സി എ ഐ) മസ്കത്ത് ചാപ്റ്ററിന്റെ വാർഷിക ജനറൽ മീറ്റിംഗ് സംഘടിപ്പിച്ചു. പ്രൊഫഷണൽ മികവും അംഗങ്ങളുടെ സജീവ പങ്കാളിത്തവും നിറഞ്ഞ യോഗത്തിൽ പുതിയ മാനേജിംഗ് കമ്മിറ്റിയെ പ്രഖ്യാപിച്ചു.



ഐ സി എ ഐ മസ്കത്ത് ചാപ്റ്റർ ഭാരവാഹികൾ

എറണാകുളം ജില്ലയിലെ ആലുവ സ്വദേശിനിയായ സി എ സംഗീത സുരേഷ്കുമാർ പുതിയ ചെയർപേഴ്സണായി തെരഞ്ഞെടുക്കപ്പെട്ടു. വനിതാ അംഗങ്ങളുടെ എക്സലൻസ് സബ്കമ്മിറ്റിയുടെ ചുമതലയും അവർ വഹിക്കും. വൈസ് ചെയർപേഴ്സണായി സി എ ബദ്രി നാരായൺ സുബുദ്ധിയും, സെക്രട്ടറിയായി സി എ ആശിഷ് സുബേദാറും, ട്രഷററും സ്പോൺസർഷിപ്പ് സബ്കമ്മിറ്റി ലീഡുമായി സി എ അഭിഷേക് ആർ വൈശ്യയും തെരഞ്ഞെടുക്കപ്പെട്ടു.

ചാപ്റ്ററിന്റെ മുൻ ചെയർപേഴ്സണായിരുന്ന സി എ ഉന്മേഷ് ഭോംഹേയുടെ നേതൃത്വത്തെയും സമർപ്പണത്തെയും യോഗം അഭിനന്ദിച്ചു. ഇനി മുതൽ അദ്ദേഹം അഡ്വൈസറായും ഐ ടി, പി ആർ, മീഡിയ, ലീഗൽ ആന്റ് കോംപ്ലയൻസ് സബ്കമ്മിറ്റികളുടെ ലീഡായും പ്രവർത്തിക്കും. പുതിയ കമ്മിറ്റിയിൽ സി എ ഗൗരവ് കപൂർ (സ്പോർട്സ് ആന്റ് കൾച്ചറൽ, സലാല സബ്കമ്മിറ്റി ലീഡ്), സി എ അജിൽ ജെയിംസ് കുര്യൻ (സി പി ഇ സബ് കമ്മിറ്റി ലീഡ്), സി എ ജയ ദുസേജ (മെമ്പർഷിപ്പ്, സ്റ്റുഡന്റ് സ് അഫയേഴ്സ് & സോഹാർ സബ്കമ്മിറ്റി ലീഡ്) എന്നിവരും ഉൾപ്പെടുന്നു.

യോഗത്തിൽ ചാപ്റ്ററിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക കാര്യങ്ങളും അംഗങ്ങൾക്കായുള്ള വിവിധ പദ്ധതികളും ചർച്ച ചെയ്ത് അംഗീകരിച്ചു. അടുത്ത കാലയളവിൽ പ്രൊഫഷണൽ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തൽ, അറിവ് പങ്കിടൽ വേദികൾ വികസിപ്പിക്കൽ, അംഗങ്ങളുടെ സമഗ്ര വളർച്ച, ഒമാനിലെ ബിസിനസ്ഫിനാൻസ് മേഖലയുമായുള്ള സഹകരണം വർധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി മുന്നോട്ട് പോകുമെന്ന് പുതിയ നേതൃത്വം അറിയിച്ചു.

മുൻ പ്രസിഡന്റ് സി എ ചരൻജോത് സിംഗ് നന്ദയും സി എ സാഹിൽ അറോറയും മുഖ്യപ്രഭാഷകരായി പങ്കെടുത്തു. നൈതികതയും ഉത്തരവാദിത്ത ബോധവും ചാർട്ടേഡ് അക്കൗണ്ടൻസി പ്രൊഫഷന്റെ അടിത്തറയാണെന്നും പൊതുജന വിശ്വാസം നിലനിർത്തുന്നതിൽ അതിന്റെ പ്രാധാന്യം നിർണായകമാണെന്നും അവർ അഭിപ്രായപ്പെട്ടു.

ഫിനാൻഷ്യൽ മേഖലയിൽ പ്രൊഫഷണൽ വികസനത്തിനും അറിവ് കൈമാറ്റത്തിനും സി ബി എഫ് എസ് നൽകുന്ന പിന്തുണ നിർണായകമാണെന്ന് സംഘാടകർ വ്യക്തമാക്കി. ഐ സി എ ഐ മസ്കത്ത് ചാപ്റ്ററും ഇആഎടയും ചേർന്ന് ഭാവിയിലും പ്രൊഫഷണൽ മികവും നേതൃത്വ വികസനവും തുടർച്ചയായ പഠനവും പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.